VI. റിപ്പോർട്ട് സമർപ്പണം

ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട്

ശ്രീ. ബിനോയ് വിശ്വം: സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പമ്പാ ആക്ഷൻ പ്ലാൻ സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നു.

VII. ധനകാര്യം

2005-2006 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2005-2006 സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ
		റവന്യു (രൂപ)	മൂലധനം (രൂപ)	(രൂപ)
(1)	(2)	(3)	(4)	(5)
XV	പൊതുമരാമത്ത്	1020,32,16,000	82,31,00,000	1102,63,16,000
XVIII	വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും	1060,60,17,000	26,14,00,000	1086,74,17,000
XIX	കുടുംബക്ഷേമം	83,40,00,000	1,60,00,000	85,00,00,000

മരാമത്ത് വകുപ്പുമന്ത്രി *(ശ്രീ. എം. കെ. മുനീർ)*: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. പ്രസ്തുത ധനാഭ്യർത്ഥന സംബന്ധിച്ച ഒരു നയരേഖയും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണു ഗോപാൽ)*: സർ, ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly